www.gospelinmalayalam.com

# HEBREWS - CHAPTER -6

Heb 6:1-8 വരെയുള്ള വാക്യങ്ങൾ - (Need for Maturity) പരിജ്ഞാനപൂർത്തി പ്രാപിക്കേണ്ടതിന്റെ ആവശ്യം എന്ന വിഷയമാണ്.

Heb 6:1-2(R) 5-ാം അധ്യായത്തിൽ നാം കണ്ടത് "കാലം നോക്കിയാൽ ഉപദേഷ്ഠാക്കന്മാർ" ആകേണ്ടിയിരുന്നവർ വീണ്ടും ആദ്യപാഠങ്ങളിലേക്കു തിരിയുന്ന picture ആണ്. എന്നാൽ ലേഖനക്കാരൻ വീണ്ടും ആദ്യപാഠങ്ങളിലേക്കു തിരിയാൻ ആഗ്രഹിക്കുന്നില്ല. ആ വിഷയങ്ങളെ വീണ്ടും ഇവിടെ ചർച്ചയ്ക്കു വിഷയമാക്കാനല്ല ലേഖനക്കാരന്റെ താല്പര്യം. നേരെമറിച്ച്, "പരിജ്ഞാനപൂർത്തിയിലേക്കു തന്റെ കേൾവിക്കാർ യാത്ര ചെയ്യേണ്ടതിന്റെ ആവശ്യം വീണ്ടും വീണ്ടും ഉറപ്പിച്ച് സ്ഥാപിക്കുകയാണു ചെയ്യുന്നത്. Heb 6:4-ാം വാക്യത്തിൽ, നാം പിന്മാറിപ്പോയാലുണ്ടാകുന്ന അനന്തരഫലത്തെയാണു കാണുന്നത്. അങ്ങനെ പിന്മാറാൻ ഇടയായാൽ അവരെ വീണ്ടും മാനസാന്തരത്തിന്റെ അനുഭവത്തിലേക്കുകൊണ്ടുവരാൻ "അസാദ്ധ്യമാണ്" അതുകൊണ്ട് വീണ്ടും അത്തരം വിഷയങ്ങളിൽ concentrate ചെയ്യാതെ "മുമ്പോട്ട് ആത്മികമായി യാത്ര ചെയ്യുക" എന്നുള്ള ദൂതാണ് ഈ ഒന്നും രണ്ടും വാക്യങ്ങളിൽ വീണ്ടും foundations ഇടരുത് എന്നാണ് പറഞ്ഞിരിക്കുന്നത്.

"നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം "Repentance from dead works" എന്തിനെയാണിത് അർത്ഥമാക്കുന്നത്? ഈ ലേഖനം എഴുതപ്പെട്ടത് യഹൂദന്മാരിൽ നിന്നും കർത്താവിങ്കലേക്കു വന്ന വിശ്വാസികൾക്കുവേണ്ടിയാണ്. അവർ എന്തിനെയാണു വിട്ടുപോന്നത്? The Ritualistic worship of Jews as per Levitical order. ലേവ്യപുസ്തകം 9-ാം അധ്യായം മുതൽ നാം കാണുന്ന പാപയാഗം തുടങ്ങിയുള്ള യാഗങ്ങളിലൂടെ "ആരാധന" അർപ്പിക്കുന്ന രീതിയെയാണ് ഇവിടെ ലേഖനക്കാരൻ "dead works" എന്നു വിശേഷിപ്പിക്കുന്നത്.

ഒരിക്കൽ ഈ വക ആരാധനാരീതിയെ വിട്ട് അതിൽനിന്നും മാനസ്സാന്തരത്തിന്റെ അനുഭവത്തിലൂടെ "ജീവനുള്ള ആരാധന" യിലേക്കു വന്ന ക്രിസ്തീയ വിശ്വാസികൾ വീണ്ടും "Levitical Ritualistic worship" ലേക്കു മടങ്ങിപ്പോയാൽ അവരെ പിന്നെയും മാനസാന്തരത്തിലേക്കു നയിക്കുവാനായി പ്രയാസം.

ഇനി അഥവാ അങ്ങനെ ഒരു സാഹചര്യമുണ്ടായാൽ, മാനസ്സാന്തരം എന്ന വിഷയം മാത്രമല്ല അവർ ഇത്രയുംകാലം വിശ്വസിക്കുകയും രുചിച്ച് അറിയുകയും ചെയ്ത മറ്റുള്ള കാര്യങ്ങളോ? അതായത്, "ദൈവത്തിലുള്ള വിശ്വാസം, സ്നാനങ്ങളെപ്പറ്റിയുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുദ്ധാരണം, നിത്യശിക്ഷാവിധി, ഈ വക വിഷയങ്ങളും വീണ്ടും ചർച്ചയ്ക്കു ഇടയാകേണ്ടിവരും.

അതിന്റെ സ്ഥിതി എന്തായിരിക്കും? വീണ്ടും നാം "elementary principle" ൽ തന്നെ ചർച്ച ചെയ്തു, ചർച്ചചെയ്ത് ചുറ്റികറങ്ങി കിടക്കും. മുമ്പോട്ടു പോകുവാൻ കഴിയാതെ, ആത്മികമായി പരിജ്ഞാന പ്രാപ്തി പ്രാപിക്കാൻ കഴിയാതെ, പിന്തിരിയുന്ന അനുഭവം ആയിരിക്കും ഫലം.

ഇത് 2000 വർഷം മുമ്പെഴുതിയ ലേഖനമാണ്. എന്നാൽ ഇന്നും ക്രിസ്തീയ ലോകത്തിൽ നാം കാണുന്നതെന്ത്? ഈ പറഞ്ഞ elementary principles ചുറ്റിപ്പറ്റി ക്രിസ്തീയലോകം തമ്മിൽ തമ്മിൽ വിഘടിച്ചു നിൽക്കുന്ന കാഴ്ചയല്ലേ?

സഭകൾ തമ്മിലുള്ള യോജിപ്പില്ലായ്മയ്ക്കു കാരണം "ഈ പറഞ്ഞ വിഷയങ്ങളെപ്പറ്റിയുള്ള തർക്കങ്ങളല്ലേ? മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെപ്പറ്റിയുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുദ്ധാനം, നിത്യശിക്ഷാവിധി...എന്നിങ്ങനെയുള്ള കാര്യങ്ങൾ.

ലേഖനക്കാരൻ നമ്മോടു പറയുന്നത് ഈ വകതന്നെ ചർച്ചചെയ്തു ചർച്ച ചെയ്ത് നമ്മുടെ ആത്മികജീവിതത്തിന്റെ പുരോഗതിയെ തടഞ്ഞുനിർത്തണ്ട. അതുകൊണ്ട് ഈ വിഷയങ്ങളെ ഞാനും വിവരിക്കുന്നില്ല. let us go forward.

Heb 6:3 (R) പരിജ്ഞാനപൂർത്തി പ്രാപിക്കലാണു നമ്മുടെ ഓരോരുത്തരുടെയും ലക്ഷ്യം. അതിനായി നാം ഓരോരുത്തരും ഉത്സാഹിക്കണം. പക്ഷെ, വളരെ വ്യക്തമായി നാം ഒരു കാര്യം അറിഞ്ഞിരിക്കണം. ദൈവത്തിന്റെ കൃപയും സഹായവും കൂടാതെ നാം ഒന്നുംതന്നെ പ്രാപിക്കുകയില്ല. We must strive for spiritual maturity in a spirit of dependance on divine aid.

fleettech@gmail.com

നമുക്കും ധൈര്യമായി പറയാം - ദൈവം അനുവദിക്കുന്നപക്ഷം നാം അതു ചെയ്യും.

Heb 6:4-6 (R) If we dont attain progress, what will happen. ഇവിടെ പറയുന്ന വിശ്വാസികളായിരുന്നവർ എന്തെല്ലാം അനുഭവിച്ചവർ ആണ്.

പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയദാനം ആസ്വദിച്ചു. who have once been enlightened എന്താണ് അതിന്റെ അർത്ഥം?

Ref. 2Cor.4:3-6 (R) *എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചുപോകുന്നവർക്കത്രെ മറഞ്ഞിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി. ഞങ്ങളെത്തന്നെ അല്ല, ക്രിസ്തുയേശുവിനെ കർത്താവു എന്നും ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രെ ഞങ്ങൾ പ്രസംഗിക്കുന്നതു. ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.*

ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കുന്നു. യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങേണ്ടതിന് തങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.

Ref. Heb.10:32 എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ചശേഷം നിന്ദകളാലും പീഢകളാലും കൂത്തുകാഴ്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്കു കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊൾവിൻ.

- ഈ വാക്യങ്ങളിലൂടെ നാം കണ്ടത് "പ്രകാശനം ലഭിക്കുക" എന്നുവെച്ചാൽ "സുവിശേഷത്തിന്റെ പ്രകാശനം പ്രാപിക്കുക എന്നുതന്നെ.

സ്വർഗ്ഗീയദാനം ആസ്വദിക്കുക? എന്താ സ്വർഗ്ഗത്തിന്റെ ദാനം - നിത്യജീവൻ

John 4:10 *നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്നു ഉത്തരം പറഞ്ഞു.*

ദൈവത്തിന്റെ ദാനം, ജീവനുള്ള വെള്ളം, നിത്യജീവന്റെ ദാനം.

Rom 6:23 *പാപത്തിന്റെ ശമ്പളം മരണമത്രെ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻ നിത്യജീവൻ തന്നെ.*

James 1:17 *എല്ലാദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്ന് വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു.*

പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും - തങ്ങളുടെ മാനസ്സാന്തരത്തിന്റെയും കർത്താവിലുള്ള വിശ്വാസത്തിന്റെയും ഫലമായി വിശ്വാസികൾക്കു ദൈവം കൊടുക്കുന്ന പരിശുദ്ധാത്മാവിന്റെ വരം അനുഭവിക്കാൻ ഭാഗ്യമുണ്ടായവരെയാണ് ഇവിടെ അർത്ഥമാക്കുന്നത്.

ദൈവത്തിന്റെ നല്ലവചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുക.

ദൈവവചനത്തിന്റെ ശക്തിയെ രുചിച്ചറിഞ്ഞവർ. അത്ഭുതങ്ങളും അടയാളങ്ങളും അവരുടെ കൈയ്യാൽ നിറവേറുവാൻ സ്വർഗ്ഗീയവരം ലഭിച്ചവർ.

ചുരുക്കിപറഞ്ഞാൽ, കൃപയിലും ആത്മിക അനുഭവങ്ങളിലും ആത്മികവരങ്ങളിലും വളരെയധികം അനുഗ്രഹം കണ്ടറിഞ്ഞ വിശ്വാസികൾ - ഇവർ പിന്മാറിപ്പോയാലുള്ള സ്ഥിതി എന്തായിരിക്കും?

അവരെ വീണ്ടും "മാനസാന്തരത്തിലേക്കു പുതുക്കുവാൻ" കഴിവുള്ളതല്ല.

Heb 6:6 പിന്മാറിയതിനുശേഷമുള്ള അവരുടെ പ്രവൃത്തി എന്തിനു തുല്യമായിരിക്കും? ഈ ലേഖനം എഴുതിയത് Jewish Christians നു വേണ്ടിയാണ്. വിശ്വാസത്തിലേക്കുവന്ന ഒരു യഹൂദൻ, തിരികെ പഴയ ആരാധനാരീതിയിലേക്കു പോയാൽ അതിനെ എന്തിനോട് താരതമ്യപ്പെടുത്താം?

-വിശ്വാസിയായിരുന്നപ്പോൾ അവൻ യേശുവിൽ വിശ്വസിച്ചു. യേശുവിന്റെ ക്രൂശുമരണം

www.gospelinmalayalam.com
fleettech@gmail.com

യഹൂദാജാതി അവനെ അന്യായമായി തള്ളിക്കളഞ്ഞതിനാലുണ്ടായതാണെന്നും അത് സകല മനുഷ്യരുടെയും രക്ഷയ്ക്കായി ദൈവം കല്പിച്ചാക്കിയ "യാഗ" മായിരുന്നു എന്നും അവൻ വിശ്വസിച്ചു.

- പിന്മാറിയതിനുശേഷമോ? യേശുവിന്റെ ക്രൂശുമരണം അവൻ യഹൂദാജാതിയോടു ചേർന്നു justify ചെയ്യേണ്ടിവരും. അതെന്തിനു തുല്യം? യേശുവിനെ വീണ്ടും ക്രൂശിക്കുന്നതിനു സമം. അവനു ലോകാപവാദം വരുത്തുന്നതിനു തുല്യം.

- അവരെ പിന്നെയും മാനസാന്തരത്തിന്റെ പുതുക്കത്തിലേക്കു വരുത്തുവാൻ കഴിവുള്ളതല്ല. അവരുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു. Deep hardeneing heart എന്നിതിനെ പറയാം.

Heb 6:7 (R) ഒരു കൃഷി സ്ഥലത്തിന്റെ ഉപമയാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. പെയ്തമഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കും. All the spiritual privileges that we receive in our lives are "heavenly rain". We are the productive land. ഓരോ ദൈവപൈതലിന്റെയും ജീവിതം മറ്റുള്ളവർക്ക് ആവശ്യമായുള്ള "സസ്യാദികളെ" വിളയിക്കുന്നതായിരിക്കണം. മറ്റുള്ളവർ നമ്മുടെ ജീവിതത്തിലൂടെ അനുഗ്രഹം കണ്ടെത്തുമ്പോൾ, നാം വീണ്ടും അനുഗ്രഹിക്കപ്പെടുന്നു.

(Heb 6:8...R പെയ്തമഴ കുടിച്ചു. ദൈവത്തിൽനിന്നും ധാരാളം പ്രാപിച്ചു. എന്നിട്ട് അതെന്തിയേ? സ്ഥലം അതു മുഴുവനും കുടിച്ചു. ഉണ്ടായതെന്താ? മുള്ളും ഞെരിഞ്ഞിലും. It produces Thorns and Thistles. It is worthless. It is disapproved. അതു ചുട്ടുകളയേണ്ടിവരും. ദൈവം ഉല്പത്തിപുസ്തകത്തിൽ ഭൂമിയെ മനുഷ്യൻ നിമിത്തം ശപിച്ചശാപം ഇതാ നിന്റെ മേൽ വരുന്നു. നിന്റെ ജീവിതത്തിൻ നീ produce ചെയ്യുന്ന എല്ലാ "മുള്ളും പറക്കാരയും ദൈവകോപത്തീയിൽ" കത്തിയേ മതിയാകുകയുള്ളൂ.

വിശ്വാസഗോളത്തിൽ, സ്ഥിരതയില്ലാതെ, അസ്ഥിരരായി, പതറിനിൽക്കുന്ന എബ്രായ ക്രിസ്ത്യാനികളോട് ലേഖനക്കാരൻ ദൈവത്തിന്റെ ദൂതും മുന്നറിയിപ്പും ഒട്ടുംതന്നെ സംശയത്തിന്റെ ലാഞ്ചനയും ഇല്ലാതെ കൊടുക്കുന്ന കാഴ്ചയാണ് നാം 1-ാം വാക്യം മുതൽ 8-ാം വാക്യം വരെ കണ്ടത്.

എന്നാൽ അതേസമയം അവരെ encourage ചെയ്യുന്ന വചനങ്ങളും കൊടുക്കുവാൻ ദൈവാത്മാവ് പ്രത്യേകം ശ്രദ്ധിക്കുന്നു. ഇനിയുള്ള വാക്യങ്ങൾ അതിന്റെ സൂചനയാണ്.

Heb 6:9-20 Encouragement / Exortation to Maturity

Heb 6:9 (R...) ഞങ്ങൾ ഇങ്ങനെ സംസാരിക്കുന്നുവെങ്കിലും നിങ്ങളെക്കുറിച്ച് ശുഭമേറിയതും രക്ഷയ്ക്കു ഉതകുന്നതും വിശ്വസിക്കുന്നു. വളരെ ശക്തിയേറിയ warning കൊടുത്തതിന്റെ ശേഷം അവരെ ധൈര്യപ്പെടുത്തുവാനും encourage ചെയ്യാനുമുള്ള ആശ്വാസവചനങ്ങളാണീ വായിച്ചത്.

- രക്ഷയുടെ അനുഗ്രഹീത പാതയിൽനിന്നും ഒട്ടുംതന്നെ പിന്നിലേക്കു പോകാതെ അവർ ആത്മീക maturity യിലേക്കു യാത്രചെയ്യും എന്ന് ലേഖനക്കാരൻ ആശിക്കുകയാണ്.

- ഇവിടെ രക്ഷയ്ക്ക് ഉതകുന്നത് എന്നുദ്ദേശിക്കുന്നത് നിത്യജീവൻ എന്നതുമാത്രമല്ല. നാം മുന്നദ്ധ്യായങ്ങളിൽ കണ്ടതുപോലെ, victory and glory of sharing with the King in His Kingdom, To posess the inheritance Rest, the Sabbath Rest established by God at creation.

Heb 6:10(R) ദൈവം അനീതിയുള്ളവനല്ല. ദൈവം അവരുടെ പ്രവൃത്തിയ്ക്കു തക്കതായ പ്രതിഫലം കൊടുക്കും. ദൈവഭമക്കളെ ശുശ്രൂഷിക്കുന്നതിനാലും ശുശ്രൂഷിച്ചതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹത്തിനും ദൈവം തീർച്ചയായും ഫലം നൽകും. "കർത്താവു പറഞ്ഞു നിങ്ങൾ എന്റെ നാമത്തിൽ ഒരുപാത്രം വെള്ളം കൊടുക്കുന്നവനുപോലും പ്രതിഫലം കിട്ടാതെ പോകയില്ല. ലേഖനക്കാരൻ ദൈവത്തിന്റെ "നീതി"യെ അവരെ ഓർപ്പിക്കുകയാണ്. ദൈവം നീതിമാൻ. അവനുവേണ്ടിപണി എടുത്തിട്ട് കൂലി പ്രാപിക്കാതെ ആരുംതന്നെയില്ല. ആകയാൽ ധൈര്യപ്പെട്ട് കർത്താവിനുവേണ്ടി നിങ്ങളെക്കൊണ്ടു ചെയ്യാൻ കഴിവുള്ള സകല പ്രവൃത്തിയും അവസരം ഉള്ളിടത്തോളം ചെയ്യുവിൻ.

Heb 6:11 (R) പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിക്കണമെങ്കിൽ നാം അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കണം. ക്രിസ്തീയജീവിതം ഒരു "part time" Job അല്ല. We must be deligent and consistant in seeking it. നമ്മുടെ മുന്നിൽ വച്ചിരിക്കുന്ന പ്രത്യാശയെ ലക്ഷ്യമാക്കി നാം

www.gospelinmalayalam.com
fleettech@gmail.com

സ്ഥിരതയോടെ ഓടേണ്ടവരാണ്. എന്നാൽ ഈ ആത്മികഗോളത്തിൽ നാം ധാരാളം candidates നെ കാണും. ആദ്യമൊക്കെ വളരെ ഉത്സാഹത്തോടെ ഓടും. അവസാനം തളർന്നും ക്ഷീണിച്ചും ഉത്സാഹത്തിൻ മടുത്തുപോകും. അനേകർ തോല്വി അടഞ്ഞ ഒരു ഓട്ടക്കളമാണു നമ്മുടെ മുമ്പിലുള്ളത്. അന്ത്യത്തോളം വിശ്വസ്തത പാലിപ്പാനായി ദൈവാത്മാവു നമ്മെ പ്രബോധിപ്പിക്കുന്നു. ഓരോദിവസവും അന്നത്തേക്കുള്ള energy യും ദൈവകൃപയും നാം ദൈവസന്നിധിയിൽനിന്നും പ്രാപിക്കണം. വ്യക്തിജീവിതത്തിൽ "പ്രാർത്ഥന" എന്ന "യാഗപീഠ"ത്തിൽ തീ കത്തിക്കൊണ്ടിരിക്കണം. ഇല്ലായെങ്കിൽ നമ്മുടെ ദൈനംദിനമുള്ള ഓട്ടം ശക്തിഹീനമായിരിക്കും.

സുപ്രസിദ്ധ ദൈവദാസനായ D.L.Moody യുടെ book ൽ ഞാൻ വായിക്കുകയുണ്ടായി. അനേകവർഷങ്ങൾക്ക് മുമ്പ് electricity ഒക്കെ പ്രചാരത്തിൽ വരാൻ തുടങ്ങിയകാലത്ത് പല ടത്തും വീട് വാടകയ്ക്കു കൊടുക്കാനുള്ള പരസ്യത്തിൽ ഇങ്ങനെ കാണും. House to Let with power അല്ലെങ്കിൽ ഇങ്ങനെ കാണും. House to Let without power. with power എന്നു പറഞ്ഞാൽ വീടിനോടുകൂടെ ഒരു generator കൂടി കാണും. without power എന്നു പറഞ്ഞാൽ generator കാണുകയില്ല. DL Moody പറയുന്നത് ക്രിസ്ത്യാനികൾ ഇങ്ങനെയാണെന്നാണ്. Christians with power and Christians without power.

ശക്തിയുള്ള ക്രിസ്തീയ ജീവിതത്തിന്റെ ഉടമയ്ക്കുമാത്രമെ അന്ത്യത്തോളം ഒരുപോലെ ഉത്സാഹം കാണിപ്പാൻ കഴിയുകയുള്ളൂ.

Heb 6:12 (R) വാഗ്ദത്തങ്ങളെ അവകാശമാക്കുക, വാഗ്ദത്തങ്ങളെ പ്രാപിക്കുക ഇതാണ് ഒരു വിശ്വാസിയുടെ മുമ്പിലുള്ള goal, ലക്ഷ്യം. കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു "നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായിത്തീർന്നിരിക്കുന്നു. ഇവിടെ ഈ അധ്യായത്തിൽ പറയുന്നു "നിങ്ങൾ മന്ദത ഉള്ളവരാകരുത്. You should not be lazy.

- മനുഷ്യർ പൊതുവെ മറ്റെല്ലാ കാര്യങ്ങളിലും വളരെ smart ആണ്. കാലത്ത് ജോലിക്കു പോകണമെങ്കിൽ ആരും വിളിക്കാതെ, ആരും പറയാതെ, ആരും നിർബന്ധിക്കാതെ എഴുന്നേൽക്കുകയും ചെയ്യും. Time ന് 5 മിനിട്ടെങ്കിലും മുമ്പെ ജോലിസ്ഥലത്തു ഹാജർ ആകുകയും ചെയ്യും.

- എന്നാൽ ഈ സ്ഥലത്ത് ആരെയെങ്കിലും ഒന്നു പ്രാർത്ഥനയ്ക്കു വിളിയ്ക്കാമോ? Bible study യ്ക്കു വിളിക്കാമോ? എന്തെല്ലാം Excuse കേൾക്കണം? ആകെ ഒരു വെള്ളിയാഴ്ചയെയുള്ളൂ!! ഇതുകേട്ടാൽ തോന്നും ദൈവംതമ്പുരാന് തെറ്റുപറ്റിയതാണെന്ന്. അദ്ദേഹം രണ്ടു വെള്ളിയാഴ്ചയെങ്കിലും ഒരാഴ്ചയിൽ വെയ്ക്കേണ്ടതായിരുന്നു. എന്തുചെയ്യും ഒന്നേ വച്ചുള്ളൂ. പിന്നെങ്ങനെ പ്രാർത്ഥനയ്ക്കു വരും?

പൊതുവെയുള്ള picture ആണിത്. ദൈവകാര്യത്തിൽ Lazy. വിശ്വാസവിഷയത്തിൽ മാത്രം sluggishness. This shows their immaturity in spiritual affairs. ലേഖനക്കാരൻ നമ്മെ ഓർപ്പിക്കുന്ന വിഷയം അതാണ്. നിങ്ങൾ മന്ദത ഉള്ളവരാകരുത്.

വിശ്വാസത്താലും ദീർഘക്ഷമയാലും - ഇതു രണ്ടും തോളോടു തോൾ ചേർന്നു നിൽക്കുന്നു. വാഗ്ദത്തത്തിന്റെ നിവൃത്തിയ്ക്കായി വിശ്വാസത്താൽ ക്ഷമയോടെ കാത്തിരിക്കുന്നു. അങ്ങനെയായാൽ നാമും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും.

- ഇതാ നമുക്കുമുമ്പേ കടന്നുപോയ അനേകം വിശുദ്ധന്മാരോടു ചേർന്ന് നാമും നമ്മുടെ വാഗ്ദത്തത്തിന്റെ നിവൃത്തിക്കായി ക്ഷമയോടെ കാത്തിരിക്കുന്നു. നാം അവരുടെ അനുകാരികളായിത്തീരുന്നു.

Heb 10:36 ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾക്കു ആവശ്യം.

Heb 6:13-15(R) വിശ്വാസത്തിനും ദീർഘക്ഷമയ്ക്കും "മാതൃക" ആയി ലേഖനക്കാരൻ അബ്രഹാമിനെ നമ്മുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. ഇവിടെ ലേഖനക്കാരൻ പറയുന്നത് ''ദൈവം അബ്രഹാമിന് തന്നെകൊണ്ടുതന്നെ സത്യം ചെയ്ത് ഒരു വാഗ്ദത്തം കൊടുത്തു. ആ വാഗ്ദത്തം 14-ാം വാക്യത്തിൽ quote ചെയ്തിരിക്കുന്നു.

Ref. Gen 22:17 *"ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും. നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും, കടല്ക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും."*

www.gospelinmalayalam.com
fleettech@gmail.com

ഇതെപ്പോഴാ പറഞ്ഞത് എന്നറിയാമോ? യിസഹാക്കിന്റെ യാഗത്തിനുശേഷം.!!

- യിസഹാക്കിനെ യാഗപീഠത്തിൽ നിന്നും മടക്കി വാങ്ങിയതിനുശേഷം.

- നാമൊക്കെ ചിന്തിച്ചേക്കാം മക്കളില്ലാതിരുന്ന "അബ്രഹാം സാറ" ദമ്പതികൾക്കു "യിസഹാക്കു" ജനിച്ചപ്പോൾ അവർ "വാഗ്ദത്ത നിവൃത്തി" പ്രാപിച്ചു എന്ന്.

- അല്ല. യിസഹാക്കിനെ ദൈവത്തിന്റെ കരങ്ങളിൽ ഏല്പിച്ചിട്ട് മരിച്ചവരിൽനിന്നും എഴുന്നേറ്റവനെപ്പോലെ അവനെ മടക്കി പ്രാപിച്ചപ്പോഴത്രെ അബ്രഹാം "ഈ വാഗ്ദത്തം പ്രാപിച്ചത്. ഈ ലഭിച്ച വാഗ്ദത്തം തന്നെ "അബ്രഹാമിനു ലഭിച്ച Reward" ആയിരുന്നു. അവന്റെ വിശ്വാസത്തിന്റെ Reward. അവന്റെ ദീർഘക്ഷമയുടെ Reward. Reward of faith and Perseverance" പ്രതികൂലമായി വന്ന സാഹചര്യത്തിൽ അബ്രഹാം വിശ്വാസത്തിൻ ക്ഷീണിച്ചില്ല. 25വർഷം കാത്തിരുന്നു വാർദ്ധക്യത്തിൽ ലഭിച്ച സന്താനത്തെ മോറിയാമലയിൽ യാഗപീഠത്തിൽ അർപ്പിക്കുമ്പോഴും അബ്രഹാം വിശ്വാസത്തിൻ ക്ഷീണിച്ചില്ല.

അബ്രഹാം നമ്മുടെ മാതൃക. "വിശ്വാസ"ത്തിന്റെ മാതൃക. സഹിഷ്ണതയ്ക്കു മാതൃക. വിശ്വാസത്തിനും സഹിഷ്ണതയ്ക്കും പ്രതിഫലമായി അബ്രഹാം ദൈവവാഗ്ദത്തം പ്രാപിച്ചു. നാമും അവരുടെ അനുകാരികളായിത്തീരണം.

Heb 6:16-18(R) അബ്രഹാമിനെ ഒരു മാതൃകയായി ലേഖനക്കാരൻ ചിത്രീകരിച്ചതിനുശേഷം വലിയോരു theme ലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കുകയാണ്.

Gen 22:18 ദൈവം അബ്രഹാമിനോടു പറയുകയാണ്.

*നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ഞാൻ എന്നെക്കൊണ്ടുതന്നെ സത്യം ചെയ്തിരിക്കുന്നു. എന്നു യഹോവ അരുളി ചെയ്യുന്നു.*

ആരാണ് അബ്രഹാമിന്റെ സന്തതി? നമ്മുടെ കർത്താവായ യേശുക്രിസ്തു - അവൻ മുഖാന്തരം ഭൂമിയിലുള്ള സകലജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ദൈവം "ആണ"യിട്ട് സത്യം ചെയ്തു.

- ഈ വാഗ്ദത്തത്തിന്റെ അവകാശി ആര്? Who is the heir to this promise? കർത്താവായ യേശുക്രിസ്തുവിന്റെ കാൽവരിക്കുരിശിലെ രക്തത്താൽ വീണ്ടും ജനിച്ച ഓരോ ദൈവമക്കളും ഈ വാഗ്ദത്തത്തിന്റെ അവകാശികളാണ്.

- അവർക്കു ദൈവം എന്താണ് ഉറപ്പുകൊടുക്കുന്നത്?

Heb 6:17 ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്ക് തന്റെ ആലോചന മാറാത്തത് എന്ന് അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചത് ഒരു "ആണ"യാലും ഉറപ്പുകൊടുത്തു. He confirmed it by an "Oath". We have two things for our surety. We have the word of God. And we have the Oath of God. The "word of God" it self is more than enough. നമ്മുടെ ഉറപ്പിനായി "ദൈവവചനം" തന്നെ ധാരാളം മതിയാകുന്നതാണ്. എന്നാൽ "സകലവാദത്തിന്റെയും തീർച്ച"യായി "as an end to all dispute" ദൈവം "ആണ"യാൽ ഉറപ്പു തന്നിരിക്കുന്നു.

We are going to be blessed through Jesus Christ. സകലജാതികളും അബ്രഹാമിന്റെ സന്തതിയായി ജനിച്ച യേശുക്രിസ്തുവിലൂടെ അനുഗ്രഹിക്കപ്പെടാൻ പോകുന്നു.

Heb 6:18 (R...)

**നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ** - കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന Inheritence possess ചെയ്യാനായി.

**ശരണത്തിനായി ഓടിവന്ന നാം** - We have fled for refuge - എവിടെയാണു നമുക്കു ശരണം ഉള്ളത്? എവിടെയാണു നമ്മുടെ ശരണസ്ഥാനം? എവിടെയാണ് അഭയം?

എത്രയോ touching ആയുള്ള വാക്കുകളാണ്.

- ഇതാ നമുക്കുവേണ്ടി പിളർക്കപ്പെട്ട പാറ, സകല അശുദ്ധിയെയും ശുദ്ധീകരിക്കുന്ന പാറ

(പിളർന്നൊരു പാറയെ, നിന്നിൽ ഞാൻ മറയട്ടെ, തുറന്ന നിൻ ചങ്കിലെ രക്തം ജലം പാപത്തെ നീക്കി സുഖം നൽകട്ടെ, മുറ്റും രക്ഷിക്ക എന്നെ) "ശരണത്തിനായി ഓടിവന്ന നാം" നമുക്കു

www.gospelinmalayalam.com
fleettech@gmail.com

വേണ്ടി പിളർന്നപാറയിൻ അഭയം കണ്ടെത്തുന്നു.

(വെറും കൈയായ് ഞാനങ്ങു ക്രൂശിൻ മാത്രം നമ്പുന്നു. നഗ്നൻ ഞാൻ നിൻ വസ്ത്രം താ, ഹീനൻ ഞാൻ നിൻ കൃപ താ, മ്ലേഛനായ് വരുന്നിതാ, സ്വച്ഛനാക്ക രക്ഷകാ)

ഇങ്ങനെ ശരണത്തിനായി ഓടി വന്ന നാം മാറിപ്പോകാത്തതും, ദൈവത്തിനു ഭോഷ്ക്കു പറവാൻ കഴിയാത്തതുമായ രണ്ടുകാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിക്കുന്നു. എന്തൊക്കെയാണു രണ്ടു കാര്യങ്ങൾ (1) ദൈവത്തിന്റെ വചനം The word of God (2) ദൈവത്തിന്റെ Oath. "ആണ"യാൽ ദൈവം വചനത്തെ "Reconfirm" ചെയ്തിരിക്കുന്നു. No more any arguments needed. God Reconfirmed it by an oath"

ഇതു പഠിക്കുന്ന നാം ഒരുകാര്യം ഓർക്കണം. ദൈവത്തിന്റെ മുമ്പാകെ നാം ഓരോരുത്തരും എത്രയോ നിസ്സാരവ്യക്തികൾ. എന്നാൽ വലിയവനായ ദൈവം നമ്മുടെ വീണ്ടെടുപ്പിനും രക്ഷയ്ക്കുമായി എന്തെല്ലാം ചെയ്തിരിക്കുന്നു. ഈ പ്രപഞ്ചസത്യങ്ങളെ ഗ്രഹിക്കുവാൻ ഈ പട്ടണത്തിന്റെ ശാന്തമായ മുറിക്കുള്ളിൽ ദൈവം തമ്പുരാൻ നമുക്ക് അനുവാദം തന്നിരിക്കുന്നു. കർത്താവേ, ഈ സത്യങ്ങളെ വിവരിച്ചുകേൾക്കുവാൻ നീ ഭാഗ്യം തന്നുവല്ലോ. എങ്കിൽ ഈ വചനകേഴ്വി നമുക്കോരോരുത്തർക്കും "നിത്യരക്ഷയ്ക്കായി" ഉതകണമെയെന്നു നമുക്കു പ്രാർത്ഥിക്കാം.

Heb 6:19 (R..) നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന പ്രത്യാശയ്ക്കു രണ്ട് "മാറിപ്പോകാത്ത" അടിസ്ഥാനം ഉള്ളതായി നാം കണ്ടു. ഒന്ന് ദൈവവചനം. രണ്ട് Oath of God. ഈ വാക്യം പറയുന്നു ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരമാകുന്നു.

18-ാം വാക്യത്തിൽ ലേഖനക്കാരൻ ഉപയോഗിച്ചിരിക്കുന്ന സാദൃശ്യം "ശരണത്തിനായി ഓടി വന്ന നാം - ഒരു ബലവത്തായി പണിതുറപ്പിച്ചിട്ടുള്ള കോട്ടയ്ക്കകത്ത് അഭയം ലഭിച്ചിരിക്കുന്ന picture ഉം കൂടിയാണ്.

19-ാം വാക്യത്തിൽ അല്പംകൂടി വ്യത്യസ്തമായി ഒരു കപ്പൽ യാത്രക്കാരനെയാണു ചിത്രീകരിച്ചിരിക്കുന്നത്. കപ്പൽ ഹാർബറിനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്നു. കപ്പൽ മറിയാതെയിരിപ്പാൻ, ഓളങ്ങളിൽ, കാറ്റിൽ, ചാഞ്ചാടി അപകടം ഉണ്ടാകാതെയിരിപ്പാൻ ഇതാ കപ്പലിന്റെ ചുമതലക്കാർ നങ്കൂരവും ഒരു പടകിൽ കയറ്റി സുരക്ഷിതമായ സ്ഥാനത്തേക്കു പോകുന്നു. അവിടെ നങ്കൂരം നിക്ഷേപിച്ചിട്ട് കപ്പലിനെ ആ നങ്കൂരത്തിൽ ഉറപ്പിക്കും. നമ്മുടെ മുമ്പിലുള്ള "പ്രത്യാശയെ" "ഒരു നങ്കൂര"ത്തോട് ലേഖനക്കാരൻ ഉപമിപ്പിച്ചിരിക്കുന്നു.

Incidental ആയി ഞാൻ ഓർപ്പിച്ചുകൊള്ളട്ടെ! നമ്മുടെ വിശ്വാസജീവിതം വിജയകരമായിരിക്കണമെങ്കിൽ 4 നങ്കൂരം വേണം. അതിൽ ഒന്നിനെയാണ് ഈ 19-ാം വാക്യത്തിൽ ലേഖനക്കാരൻ നമ്മെ കാണിച്ചുതന്നത്. ഒരു നങ്കൂരം മാത്രമെ ഉള്ളെങ്കിൽ കപ്പൽ വലിയ കാറ്റിൽ നിൽക്കയില്ല.

എന്തൊക്കെയാണു മറ്റുള്ള നങ്കൂരങ്ങൾ.

- പ്രാർത്ഥനയുടെ നങ്കൂരം

- വിശ്വാസത്തിൻ നങ്കൂരം

- രക്ഷയുടെ നങ്കൂരം (ക്രൂശിന്റെ നങ്കൂരം) - പ്രത്യാശയുടെ നങ്കൂരം)

ഇതിൽ ഏതെങ്കിലും ഒരു നങ്കൂരം weak ആണെങ്കിൽ, കപ്പൽ കാറ്റിൽ ഉലയും. തീർച്ച. 4 നങ്കൂരങ്ങളെയും ബലപ്പെടുത്താനായി നമുക്കോരോരുത്തർക്കും അധ്വാനിക്കാം.

- 19-ാം വാക്യത്തിൽ നാം കണ്ടത് "നങ്കൂരവുമായി" ഇതാ കപ്പലിന്റെ ഉടയവൻ കടന്നു പോകുന്നു. ആത്മാവിന്റെ ഒരു നങ്കൂരം. The Anchor is carried to the safest point. നമുക്കു മുമ്പായി നമ്മുടെ ഉടയവൻ കടന്നു പോയിരിക്കുന്നു. സുരക്ഷിതസ്ഥാനത്തേക്കു പോയിരിക്കുന്നു. ആരാണു കടന്നു പോയിരിക്കുന്നത്? നമ്മുടെ രക്ഷാനായകനായ കർത്താവായ യേശുക്രിസ്തു. എവിടേക്കാണു പ്രവേശിച്ചിരിക്കുന്നത്?

- തിരശ്ശീലയ്ക്കകത്തേക്ക്!! To the inner sanctuary. To the most Holy place Behind the Veil.

Ref. Lev 16:2 *കൃപാസനത്തിൻമീതെ മേഘത്തിൽ ഞാൻ വെളിപ്പെടുന്നതുകൊണ്ട് നിന്റെ സഹോദരനായ അഹരോൻ മരിക്കാതിരിക്കേണ്ടതിന് വിശുദ്ധമന്ദിരത്തിൽ തിരശ്ശീലയ്ക്കകത്ത് പെട്ടകത്തിൻമേലുള്ള കൃപാസനത്തിൽ മുമ്പിൽ എല്ലാസമയത്തും വരരുത് എന്ന് അവനോടു പറയണം.*

www.gospelinmalayalam.com

fleettech@gmail.com

Ref. Lev. 16:15 *പിന്നെ അവൻ ജനത്തിനുവേണ്ടിയുള്ള പാപയാഗത്തിന്റെ കോലാട്ടുകൊറ്റനെ അറുത്ത് രക്തം തിരശ്ശീലയ്ക്കകത്തു കൊണ്ടുവന്ന് കാളയുടെ രക്തംകൊണ്ടു ചെയ്തതുപോലെ ഇതിന്റെ രക്തംകൊണ്ടു ചെയ്തു അതിനെ കൃപാസനത്തിന്മേലും, കൃപാസനത്തിന്റെ മുമ്പിലും തളിക്കേണം.*

മഹാപുരോഹിതൻ എത്രഭയത്തോടും ഭക്തിയോടും കൂടെയാണ് തിരശ്ശീലയ്ക്കകത്തുള്ള ഈ കൃപാസനത്തിനുസമീപം പ്രവേശിച്ചിരുന്നത്. രക്തത്തോടുകൂടി മാത്രമെ അവിടെ കടക്കാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ.

ഇത് ഭൂമിയിൽ ഉണ്ടാക്കിയ സമാഗമന കൂടാരത്തിലെ Holy place നെപ്പറ്റിയുള്ള കാര്യമാണ്. അപ്പോൾ സാക്ഷാൽ സ്വർഗ്ഗീയ കൃപാസനത്തിലെ സ്ഥിതി എന്തായിരിക്കും.

ഇതാ നമ്മുടെ പ്രത്യാശയുടെ നങ്കൂരം അവിടെയാണ്. സുരക്ഷിതമായ Harbour. അവിടേക്ക് നമ്മുടെ കർത്താവ് പ്രവേശിച്ചിരിക്കുന്നു. നിശ്ചലവും സ്ഥിരവുമായ നങ്കൂരം നമുക്കവിടെയുണ്ട്. നമ്മുടെ പ്രത്യാശയുടെ നങ്കൂരത്തിൽ നമ്മുടെ ജീവിതമാകുന്ന കപ്പൽ "സുരക്ഷിത"മാണ്.

അതു ഹൃദയപൂർവ്വം വിശ്വസിപ്പാൻ കർത്താവു നമുക്കു കൃപ നൽകട്ടെ.

Heb 6:20 (R...) 5-ാം അധ്യായത്തിൽ പറഞ്ഞു നിർത്തിയ വിഷയത്തിലേക്ക് ലേഖനക്കാരൻ നമ്മുടെ ശ്രദ്ധയെ വീണ്ടും കൊണ്ടെത്തിക്കുകയാണ്. സ്വർഗ്ഗീയ കൃപാസനത്തിൽ കർത്താവു നമുക്കുവേണ്ടി എന്തുചെയ്യുന്നു. അവൻ എന്നേക്കും ഒരു മഹാപുരോഹിതൻ ആയി "നമുക്കു മുമ്പായി" പ്രവേശിച്ചിരിക്കുന്നു. മല്ക്കിസദേക്കിന്റെ കൃപപ്രകാരം എന്നേക്കും മഹാപുരോഹിതനായി നമ്മുടെ കർത്താവ് സ്വർഗ്ഗീയകൃപാസനത്തിലുണ്ട്. അവിടെയാണെന്റെ നങ്കൂരം. എന്റെ ജീവിതമാകുന്ന കപ്പലിനെ അന്ത്യംവരെയും ഉറപ്പിച്ചു നിർത്തുവാൻ മതിയായ ശ്രേഷ്ഠമായ നങ്കൂരം എനിക്കു കൃപാസനത്തിലുണ്ട്. ഏതു പ്രതികൂല സാഹചര്യത്തിലും എന്റെ കപ്പൽ തകരാതിരിപ്പാൻ, എനിക്കു പ്രത്യാശയെ പകർന്നുകൊണ്ട് എന്റെ വിശ്വാസത്തെ സ്ഥിരപ്പെടുത്തിക്കൊണ്ട്, എന്നെ നിത്യം ആശ്വസിപ്പിച്ചുകൊണ്ട് എന്റെ ആത്മനാഥൻ നിൽക്കുന്നു.

- ഈ എന്നേക്കും ജീവിക്കുന്ന നമ്മുടെ മഹാപുരോഹിതനിൽ നമ്മുടെ ആശ്രയം വെയ്ക്കണം. അതിനായി ദൈവത്തിന്റെ ആത്മാവു നമ്മെ സഹായിക്കട്ടെ.

## Conclusion

ദൈവജനം പരിജ്ഞാനപൂർത്തിയിലേക്കു യാത്ര ചെയ്യണം. പിന്നെയും പിന്നെയും ആദ്യപാഠങ്ങൾ ചർച്ചചെയ്തും തർക്കിച്ചും സംശയിച്ചും നിൽക്കുന്ന tendency പിന്മാറ്റത്തിലേക്കു പോകാൻ വഴി ഒരുക്കും. അങ്ങനെ സംഭവിച്ചാൽ വീണ്ടും മടങ്ങി പൂർവ്വസ്ഥിതിയിൽ എത്തുക വിഷമം. അങ്ങനെ പിന്മാറ്റത്തിലേക്കു പോകുന്നത് ക്രിസ്തുവിനെ വീണ്ടും തള്ളിപ്പറകയും, ക്രൂശിനേല്പിക്കുകയും ചെയ്യുന്ന പ്രവൃത്തിയ്ക്കു തുല്യമാണ്. വീണ്ടും മാനസാന്തരത്തിലേക്ക് അവരെ പുതുക്കുക പ്രയാസമാണ്.

ലേഖനക്കാരൻ അതിനെ ഉപമിക്കുന്നത് ഒരു കൃഷിസ്ഥലത്തോടാണ്. ധാരാളം മഴപെയ്തു. ധാരാളം ദൈവാനുഗ്രഹം പ്രാപിച്ചു. എന്നാൽ അതിനുശേഷം ആകാത്ത ഫലം പുറപ്പെടുവിക്കുന്ന തോട്ടംപോലെ. മുള്ളും പറക്കാരയും മുളപ്പിക്കുന്ന കൃഷിസ്ഥലംപോലെ. അങ്ങനെയുള്ള പ്രവൃത്തികളെയും ദൈവ കോപത്തീയിൽ കത്തിയെരിയിക്കും.

ആകയാൽ വിശ്വാസത്തിലേക്കു വന്നവൻ, പിന്മാറാതെ, ആത്മികമായി മുമ്പോട്ടുതന്നെ യാത്ര ചെയ്യണം. പരിജ്ഞാനപൂർത്തിയിൽ എത്തുക എന്നതായിരിക്കണം ഓരോ ദൈവപൈതലിന്റെയും ലക്ഷ്യം.

- ഈ മുന്നറിയിപ്പുകളോടൊപ്പം, ആശ്വാസവചനങ്ങളും ലേഖനക്കാരൻ നൽകുന്നു.

ദൈവം അനീതിയുള്ള ദൈവമല്ല. നാം ഓരോരുത്തരും കർത്താവിന്റെ നാമത്തിനുവേണ്ടി, അവന്റെ വേലയ്ക്കുവേണ്ടി ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ദൈവം പ്രതിഫലം നൽകും. ആകയാൽ നാം അവസാനത്തോളം "സ്ഥിരത" യോടെ നിൽക്കണം.

നാം ആരും ദൈവകാര്യത്തിൽ മടിയന്മാരാകരുത്. കേൾപ്പാൻ മന്ദതയുള്ളവരാകരുത്.

വാഗ്ദത്തം അവകാശമാക്കണമോ - വിശ്വാസം വേണം. ദീർഘക്ഷമയും വേണം.

ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ "സഹിഷ്ണത" ആവശ്യം.

www.gospelinmalayalam.com

fleettech@gmail.com

അബ്രഹാം നമുക്കു മാതൃക കാണിച്ചിരിക്കുന്നു. അബ്രഹാമിന്റെ വിശ്വാസം മോറിയാ മല യുടെ യാഗപീഠത്തിൽ ശോധന കഴിച്ച് "തീയിൽ ഊതിക്കഴിച്ച" സ്വർണ്ണംപോലെ ശോഭയു ള്ളതായി ദൈവത്തിനു പ്രസാദമുള്ളതായിത്തീർന്നു.

അവൻ വാഗ്ദത്തനിവൃത്തി പ്രാപിച്ചു.

അബ്രഹാമിന്റെ സന്തതിയായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നാം ഓരോരു ത്തരും ഈ "അനുഗ്രഹത്തിന്" യോഗ്യരായിത്തീരുന്നു.

ദൈവവചനത്താൽ ഈ വാഗ്ദത്തം നമുക്ക് "സ്പഷ്ടമായി" രേഖപ്പെടുത്തിയിരിക്കുന്നു.

അതുപോലെതന്നെ "ദൈവം" തന്റെ "ആണ"യാലും ഉറപ്പു തന്നിരിക്കുന്നു.

കർത്താവായ യേശുവിലൂടെ നമുക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ഈ "inheritance" posess ചെയ്യാനായി "ശരണത്തിനായി ഓടി നാം" പിളർന്ന പാറയായ കർത്താവിൽ ധൈര്യവും ഉറപ്പും ആശ്വാസവും കണ്ടെത്തുന്നു.

നമുക്കായി ഇതാ ഒരു "നങ്കൂരം" പ്രദർശിപ്പിച്ചു നൽകിയിരിക്കുന്നു. നമ്മുടെ ജീവിത പട കിന്റെ നങ്കൂരം നമ്മുടെ രക്ഷാനായകന്റെ കൈകളിൽ ആയിരിക്കട്ടെ. ഓളം വന്നോട്ടെ, കൊടിയ കാറ്റ് അടിച്ചോട്ടെ. കടൽ ഇളകി മറിഞ്ഞോട്ടെ. "സുരക്ഷിതമായ ആ നങ്കൂരത്തിൽ നമ്മുടെ ജീവിതപടക് മറിയാതെ, തകരാതെ, ഉറപ്പിക്കാം.

നമ്മുടെ കർത്താവ് തിരശ്ശീലയ്ക്കകത്തേക്ക്, സാക്ഷാൽ സ്വർഗ്ഗീയ കൃപാസനത്തിൽ, നമുക്കു മുമ്പായി കടന്നുപോയി, പ്രവേശിച്ചിരിക്കുന്നു. അവൻ നമ്മുടെ മഹാപുരോഹിതൻ. അവൻ മൽക്കീസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു മഹാപുരോഹിതൻ ആയി നിൽക്കുന്നു.

- നമ്മെ സഹായിപ്പാൻ അവൻ പ്രാപ്തൻ. അവൻ സഹായിപ്പാൻ മനസ്സുള്ളവൻ.

- അവനിൽ ആശ്രയിച്ചുകൊണ്ട് ആത്മീയ പുരോഗതിക്കായി നമുക്കും വാഞ്ചിക്കാം. പരി ജ്ഞാനപൂർത്തിയിലേക്കു യാത്രചെയ്യാൻ, നമ്മുടെ മഹാപുരോഹിതൻ നമ്മെ സഹായിക്കട്ടെ.

www.gospelinmalayalam.com

fleettech@gmail.com